# സി. എം. എസ്. എൽ. പി. സ്കൂൾ

## മുഹമ്മ

## അക്കാദമിക മാസ്റ്റർ പ്ലാൻ

# വൈഖരി

2025 - 26

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : ആലപ്പുഴ

സ്കൂൾ കോഡ് : 34240

സ്കൂളിന്റെ പേര് : സി.എം.എസ്.എൽ.പി. സ്കൂൾ, മുഹമ്മ

പിൻകോഡ് : 688525

ഫോൺ നമ്പർ : 9495205445

ഇ-മെയിൽ അഡ്രസ്സ് : 34240cherthala@gmail.com.

ഗ്രാമപഞ്ചായത്ത് : മുഹമ്മ

വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

സബ് ജില്ല : ചേർത്തല

മാനേജ്മെന്റ് : എയ്ഡഡ്

# ആമുഖം

ആലപ്പുഴ ജില്ലയിലെ കായലോര ഗ്രാമമായ മുഹമ്മയിൽ 1850-ൽ CMS മിഷണറി ആയിരുന്ന ജോസഫ് പീറ്റിനാൽ സ്ഥാപിതമായ വിദ്യാലയം. മുഹമ്മയുടെ ഗ്രാമാന്തരീക്ഷത്തിൽ അക്ഷരാഗ്നിക്ക് തിരി തെളിയിച്ച് വാക്കിലും വരയിലും വർണ്ണത്തിലും വിളങ്ങുന്ന തിരിനാളമായി അറിവിന്റെ പ്രകാശം പരത്തുന്ന ചെരാതായി നിലകൊള്ളുന്ന നമ്മുടെ വിദ്യാലയം 175 വർഷങ്ങൾ പിന്നിട്ടു. അറിവിന്റെ വെളിച്ചം വിതറി വിളങ്ങുന്ന അക്ഷര മുത്തശ്ശി അറിവിന്റെ പുതിയ വാതായനങ്ങളിലേക്ക് വെളിച്ചം വീശി മികവാർന്ന പ്രവർത്തനങ്ങളിലൂടെ നാടിന്റെ ഗോപുരമായി ഉയർന്നു നിൽക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തിന്റെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യ

-ങ്ങൾ ഒരുക്കുന്നതിന് PTA-യുടെയും വിദ്യാലയ വികസന സമിതിയുടെയും പൂർണമായ സഹകരണവും ഉറപ്പ് വരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന സ്കൂൾ ക്യാമ്പസ്, ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

# മുഹമ്മ സി. എം. എസ്. എൽ. പി. സ്കൂളിന്റെ ചരിത്രം.

കിഴക്കിന്റെ വെനീസായി അറിയപ്പെടുന്ന ആലപ്പുഴ ജില്ലയിലെ കായലോര ഗ്രാമമായ മുഹമ്മ. വെള്ളവും വള്ളവും തുഴുകിത്തലോടുന്ന ഈ കൊച്ചു ഗ്രാമത്തിലെ ആദ്യത്തെ പ്രൈമറി വിദ്യാലയമാണ് സി. എം. എസ്. എൽ. പി. സ്കൂൾ മുഹമ്മ. ആധുനിക വിദ്യാലയങ്ങൾക്ക് കേരളത്തിൽ അടിത്തറ പാകിയ സി. എം. എസ്. മിഷനറിമാരാണ് ഈ സ്കൂൾ സ്ഥാപിച്ചത്. സാംസ്കാരിക പരമായും രാഷ്ട്രീയ പരമായും ഉയർന്നു നിൽക്കുന്ന മുഹമ്മ ഗ്രാമത്തിലെ ഭൂരിപക്ഷം ആളുകളും സാധാരണ കുടുംബങ്ങളിൽ നിന്നാണ്.

മുഹമ്മ സി.എം.എസ്.എൽ.പി. സ്കൂൾ ഇന്ന്

10 മാനേജ്മെന്റ് അധ്യാപകരും
5 PTA അധ്യാപകരും 6 നഴ്സറി അധ്യാപകരും
2 ആയമാരും 2 പാചകത്തൊഴിലാളികളും ഉൾപ്പെ-
ടെ 25 പേർ അടങ്ങുന്ന സ്റ്റാഫ് ടീം. ആലപ്പുഴ
ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന
സ്കൂളുകളിൽ ഒന്നാണ് മുഹമ്മ സി.എം.എസ്.എൽ.
പി. സ്കൂൾ. നിലവിൽ 553 കുട്ടികൾ നഴ്സറിയിലും
പ്രൈമറിയിലും ഉൾപ്പെടെ വിദ്യ അഭ്യസിക്കുന്നു.

## അക്കാദമിക മികവ് - വിദ്യാലയ മികവ്

### വികസന ലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
* വായന ശേഷി വർധിപ്പിക്കൽ
* ശാസ്ത്രപോഷണ പരിപാടി.
* ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം
* പ്രതിഭാപോഷണ പരിപാടി.
* ലൈബ്രറി ശാക്തീകരണം
* ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
* സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
* പഠനയാത്രകൾ
* സ്കൂൾ പത്രം, മാസിക
* അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
* പ്രവൃത്തി പരിചയ പരിശീലനം
* കലാപരിപോഷണം
* പച്ചക്കറിത്തോട്ടം
* സാഹിത്യ ശില്പശാലകൾ
* മെഡിക്കൽ ക്യാമ്പുകൾ
* ഭാഷാ ലാബ്

* ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
* ഗവേഷണാത്മക പഠനം
* കായികശേഷി വികസനം
* വിലയിരുത്തൽ കാര്യക്ഷമമാക്കൽ
* ചോദ്യപേപ്പർ ശില്പശാല
* ഐ.ടി. പഠനം കാര്യക്ഷമമാക്കൽ
* ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരി-
* ചയ മേളകൾ
* ക്ലാസ് PTA കാര്യക്ഷമമാക്കൽ
* ക്ലബ്ബ്, ബുൾബുൾ, ബണ്ണീസ് പ്രവർത്തനങ്ങൾ
* ഉത്സവക്കാലം, പുത്തനറിവ്, ഒരുദിനം- ഒരറിവ്
* മക്കളോടൊപ്പം പരിപാടി
* വാട്ടർ ബെൽ
* സത്യസന്ധരുടെ കട
* ഞാനും എന്റെ കുട്ടിയും
* ഈ തണലിൽ ഇത്തിരി നേരം
* വീട്ടിലൊരു കുട്ടിത്തോട്ടം
* ഒരുപിടി നന്മ
* സാന്ത്വന സ്പർശം
* പദക്കളി
* ക്ലബ്ബ് പ്രവർത്തനങ്ങൾ

# പ്രവർത്തന വിശദാംശങ്ങൾ

## ഉപമേഖല - ഇംഗ്ലീഷ് ഭാഷ പഠനം
## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും English നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം | * ക്ലാസ് English-ൽ കൈകാര്യം ചെയ്യൽ<br>* English club പ്രവർത്തനം<br>* English Assembly<br>* Word power<br>* Reading cards<br>* News reading | June to March | * ക്ലാസ് ടീച്ചർ<br>* ഹെഡ് മാസ്റ്റർ<br>* ക്ലബ് കോഡിനേറ്റർ | |
| | | | | |

പ്രവർത്തനം - വിശദാംശങ്ങൾ

ഉപമേഖല - മലയാളം

പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനുമുള്ള കഴിവ് | * സംയുക്ത ഡയറി<br>* ദിനാചരണ പുസ്തകം<br>* പദകേളി<br>* വായനക്കാർഡ്<br>* ക്ലാസ് ലൈബ്രറി<br>* വായനക്കൂടാരം | 1,2 ക്ലാസ്<br>std 3 | * ക്ലാസ് ടീച്ചർ<br>* ഹെഡ് മാസ്റ്റർ<br>* SRG കൺവീനർ | |
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അമ്മ വായന<br>* ചങ്ങല വായന<br>* പത്ര വായന<br>* | * std 3, 4 | * MPTA | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | |

## ഉപമേഖല - പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | പഠനയാത്രകൾ നടത്തൽ | വർഷത്തിൽ ഒരു തവണ | ടീച്ചേഴ്സ് | |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് മത്സരപ്പരീക്ഷയിലൂടെ ലഭ്യമാക്കൽ | പ്രത്യേക സമയം കണ്ടെത്തിയുള്ള LSS പരിശീലനം | ജൂൺ മുതൽ പരീക്ഷ സമയം വരെ | എല്ലാ അധ്യാപകർക്കും. | |

## മേഖല - അക്കാദമികം - സാമൂഹികം

## ഉപമേഖല - CPTA

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *CPTA ശക്തിപ്പെടുത്തൽ<br>*കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് എത്തിക്കുന്നതിന് സഹകരണം ഉറപ്പ് വരുത്തൽ | *CPTA യോഗം കാര്യക്ഷമമായി നടത്തൽ<br>*കുട്ടികളുടെ പഠനനേട്ടങ്ങൾ എന്നിവയുടെ അവതരണം CPTA-ൽ | June - March | *ക്ലാസ്സ് ടീച്ചേഴ്സ്<br>*PTA<br>*SRG | |

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ<br>* അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ | * ഗണിതലാബ്<br>* ഉല്ലാസ ഗണിതം<br>* ഗണിത വിജയം<br>* വർക്ക് ഷീറ്റുകൾ<br>* മഞ്ചാടി സഞ്ചി<br>* ഗണിതപ്പെട്ടി<br>* സംഖ്യാതൂക്കുകട | June-March | ക്ലാസ് അധ്യാപകർ | |

ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | * താൽപര്യമുള്ള കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം | June-March | SRG പരിശീലനത്തിൽ വൈദഗ്ദ്ധ്യമുള്ള അധ്യാപകർ | |

## ഉപമേഖല - കല - കായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കലാ മികവുകൾ കണ്ടെത്തി പരിശീലനം നൽകൽ. | * സ്കൂൾ തലത്തിൽ കലാവാസനകളുള്ള മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | June-March | SRG | |
| * കുട്ടികളിലെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | * ചിട്ടയായ പരിശീലനം | June to March | SRG | |

# ഉപസംഹാരം

മുഹമ്മ സി.എം.എസ്.എൽ.പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ ഈ മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വെക്കുന്നു.